# തിരമൊഴി

പി പി രാമചന്ദ്രൻ

2019 മാർച്ച് 17

സാരാംശം

രേഖീയമായ തുടർച്ചയല്ല, അരേഖീയമായ പടർച്ചയാണ് തിരമൊഴിയുടെ ഘടന. വലക്കണ്ണികളെപ്പോലെ പരസ്പരബന്ധിതമായ പാഠങ്ങളേ തിരമൊഴിയിലുള്ളൂ. പിന്തുടർച്ചാസംസ്കൃതിയിൽനിന്ന് (hierarchical culture) ശൃംഖലാസംസ്കൃതിയിലേക്കുള്ള (networked culture) സാമൂഹികപരിണാമത്തിന്റെ സൂചകം കൂടിയാണ് തിരമൊഴി.

ഭാഷയ്ക്ക് വാമൊഴിയെന്നും വരമൊഴിയെന്നും രണ്ടു വകഭേദങ്ങൾ എന്നാണ് ഭാഷാവിദ്യാർത്ഥികളുടെ ആദ്യപാഠങ്ങളിലൊന്ന്. വാകൊണ്ടു മൊഴിയുന്നത് വാമൊഴി. വരച്ചുകാട്ടുന്നത് വരമൊഴി. കംപ്യൂട്ടറിന്റെ സഹായത്തോടെ ഭാഷയ്ക്കു ലഭിക്കുന്ന അധികമാനത്തെയാണ് ഇവിടെ തിരമൊഴി എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്. തിരയിൽ കാണാവുന്നതും എഴുതാവുന്നതും വായിക്കാവുന്നതുമായ മൊഴി എന്നോ തിരപോലെ അസ്ഥിരവും രൂപാന്തരസാധ്യതകളുള്ളതുമായ മൊഴി എന്നോ തിരയാവുന്ന മൊഴി എന്നോ ഒക്കെ ഈ പദത്തിന് നിഷ്പത്തി പറയാം. ഇംഗ്ലീഷിൽ Hypertext എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് മലയാളത്തിൽ തിരമൊഴി എന്ന പദംകൊണ്ടും ഏറെക്കുറെ സാധിക്കാമെന്നു വിചാരിക്കുന്നു. ഭാഷയുടെ പരിണാമചരിത്രം സാങ്കേതികവിദ്യയുടെ പരിണാമചരിത്രംകൂടിയാണ്. വാമൊഴിയിൽ നിന്ന് വരമൊഴിയിലേക്കും പിന്നീട് തിരമൊഴിയിലേക്കും അതു പരിണമിക്കുന്നു. വിവരസാങ്കേതികവിദ്യയുടെ സൃഷ്ടിയാണ് തിരമൊഴി. സമസ്തവിവരങ്ങളും ഡിജിറ്റൽ ആയി രേഖപ്പെടുത്താനും സൂക്ഷിക്കാനും വിതരണംചെയ്യാനും കഴിയുന്ന കാലത്തെ ഭാഷാസവിശേഷതയാണ്.